**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3414** **26-10-2021 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിലെ ആർ.ഐ.ഡി.എഫ്. പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ് . പദ്ധതിയിൽ ഉൾപ്പെടുത്താൻ എത്ര പദ്ധതികളാണ് വിവിധ പഞ്ചായത്തുകളിൽ നിന്നും ലഭ്യമായതെന്ന് വിശദമാക്കാമോ; | (എ) | നാദാപുരം മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ് പദ്ധതിയുടെ XXVII ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിനായി മരുതോങ്കര പഞ്ചായത്തിലെ മണ്ണൂർ നീർത്തട പദ്ധതിയുടെ രൂപരേഖ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ ഡയറക്ടർ തയ്യാറാക്കിയിരുന്നു. എന്നാൽ 2021-22 വർഷം വകുപ്പിനുള്ള ആർ.ഐ.ഡി.എഫ് പദ്ധതിയുടെ സെക്ടറൽ അലോക്കേഷന്റെ പരിമിതി കാരണം ടി പദ്ധതി അംഗീകാരത്തിനായി ലഭ്യമാക്കിയിരുന്നില്ല. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ നിലവിൽ നടത്തിവരുന്ന ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ പ്രവർത്തനപുരോഗതി ഗ്രാമ പഞ്ചായത്തുകളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ? | (ബി) | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ ഡയറക്ടർ മുഖാന്തിരം ആർ.ഐ.ഡി.ഏഫ് പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് പദ്ധതികളാണ് നിലവിൽ നടപ്പിലാക്കി വരുന്നത്. ആർ.ഐ.ഡി.എഫ് പദ്ധതിയുടെ XXII-ൽ ഉൾപ്പെടുത്തി കാവിലുംപാറ ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട 250 ലക്ഷം രൂപ അടങ്കലുള്ള ഓടേയരിപ്പൊയിൽ നീർത്തട പദ്ധതിയിൽ നാളിതുവരെ 145.97 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ആർ.ഐ.ഡി.ഏഫ് പദ്ധതിയുടെ XXV-ൽ ഉൾപ്പെടുത്തി കാവിലുംപാറ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട 98.94 ലക്ഷം രൂപ അടങ്കലുള്ള ആനക്കുളം നീർത്തട പദ്ധതിയിൽ നാളിതുവരെ 0.60 ലക്ഷം രൂപ ചെലവഴിച്ച് വിവിധ മണ്ണ് ജല സംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ